പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 122 14. 06. 2013- ലെ മറുപടി

പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. സി. മമ്മൂട്ടി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)സംസ്ഥാനത്ത് രൂപീകരിച്ച പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി)എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ & ബി) ഉണ്ട്; 2009 – ൽ നിലവിൽ വന്ന കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തിയിട്ടുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമ ആക്ടിലും സ്കീമിലും വിഭാവനം ചെയ്തിട്ടുള്ള വിവിധ പ്രവാസി ക്ഷേമ പദ്ധതികൾ വിജയകരമായി നടപ്പിൽ വരുത്തി പ്രവാസികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ബോർഡ് പ്രവർത്തിക്കുന്നുണ്ട്. |
| (സി)പരമാവധി പ്രവാസികളെ ക്ഷേമപദ്ധതിയുമായി സഹകരിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) പരമാവധി പ്രവാസികളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനായി അംഗത്വത്തിനുള്ള ഉയർന്ന പ്രായപരിധി 55 വയസ്സിൽ നിന്ന് 60 വയസ്സായി ഉയർത്തുന്നതിനുള്ള നിയമഭേദഗതി അന്തിമ ഘട്ടത്തിലാണ്. കൂടാതെ പ്രായപരിധി കടന്നുപോയി എന്ന കാരണം കൊണ്ടുമാത്രം അംഗമാകാൻ സാധിക്കാതെ പോയ പ്രവാസികൾക്കായി പ്രത്യേക സഹായനിധി രൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനോടൊപ്പം ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ചും പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങളെക്കുറിച്ചും പ്രവാസികൾക്കിടയിൽ അവബോധം |

സൃഷ്ടിക്കുന്നതിനായി അതിവിപുലമായി ബോധവത്കരണ-പ്രചാരണ പ്രവർത്തനങ്ങളും ബോർഡ് നടത്തിവരുന്നുണ്ട്. പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതും നിലവിൽ ബോർഡ് നല്കിവരുന്നതുമായ ചികിത്സാസഹായം പരമാവധി 50,000/- രൂപയും വിവാഹധനസഹായം 5,000/- രൂപയും പുറമെ പ്രസവാനുകൂല്യം പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുന്നതിനും ബോർഡ് ആലോചിക്കുന്നുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ, അംഗങ്ങളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നടപടികളും ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) വിദേശരാജ്യങ്ങളിലെ സ്വദേശിവത്ക്കരണവുമായി ബന്ധപ്പെട്ട് തിരിച്ചുവരേണ്ടിവരുന്നവരുടെ പുനരധിവാസപ്രവർത്തനങ്ങളിൽ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(ഡി) കേരള പ്രവാസി കേരളീയ ക്ഷേമ നിയമത്തിലേയും പദ്ധതിയിലേയും വ്യവസ്ഥകൾക്ക് വിധേയമായാണ് കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് പ്രവർത്തിക്കുന്നത്. ആയതിനാൽ പ്രവാസികളുമായി ബന്ധപ്പെട്ട അടിയന്തിര സാഹചര്യങ്ങളിലെ പ്രവർത്തനങ്ങൾ നോർക്ക റൂട്ട്സ് മുഖേനെയാണ് നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ